8692
22/9/20

# കേരള സർക്കാർ

<u>സംഗ്രഹം</u>

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - കാസർഗോഡ് മഞ്ചേശ്വരം താലൂക്ക്, ഉപ്പള വില്ലേജിലെ മുസ്സോടി കടപ്പുറത്ത് കാലവർഷത്തെ തുടർന്നുണ്ടായ കടലാക്രമണത്തിൽ സ്ഥലവും വീടും നഷ്ടപ്പെട്ടത് - ബഹു. ഹൈക്കോടതിയുടെ WP(c) No. 130/2020 നമ്പർ ഹർജിയിലെ 13.01.2020 ലെ ഉത്തരവിലെ നിർദ്ദേശ പ്രകാരം കക്ഷികൾക്ക് സ്ഥലം വാങ്ങുന്നതിന് 6 ലക്ഷം രൂപ വീതം ആകെ 12 ലക്ഷം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

## റവന്യൂ (ഡി.ആർ.എഫ്. - ബി) വകുപ്പ്

**സ.ഉ. (സാധാ) നം. 2907/2020 /റവ.** **തിരുവനന്തപുരം, തീയതി, 18.09.2020**

പരാമർശം:-
1. ബഹു. ഹൈക്കോടതിയുടെ 13.01.2020 ലെ WP(c) No. 130/2020 നമ്പർ ഉത്തരവ്
2. സ.ഉ.(സാധാ) നം. 624/2020/ദു.നി.വ തീയതി. 16.07.2020.
3. 21.06.2018 ലെ സ.ഉ.(കൈ) നം. 7/2018/ദു.നി.വ
4. മഞ്ചേശ്വരം തഹസിൽദാരുടെ 07.08.2020 തീയതിയിലെ ജി3-412/2020 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

പരാമർശം (1) ബഹു. ഹൈക്കോടതി ഉത്തരവിന്റെയും പരാമർശം (2) സർക്കാർ ഉത്തരവിന്റെയും വെളിച്ചത്തിൽ കാസർഗോഡ് ജില്ല മഞ്ചേശ്വരം താലൂക്കിൽ ഉപ്പള വില്ലേജിലെ മുസ്സോടി കടപ്പുറത്ത് കാലവർഷത്തെ തുടർന്നുണ്ടായ കടലാക്രമണത്തിൽ സ്ഥലവും വീടും നഷ്ടപ്പെട്ട ശ്രീ. മുഹമ്മദ്, S/o. എബ്രാഹിം, ശ്രീമതി. നബീസ W/o. ലത്തീഫ് എന്നിവർക്ക് പരാമർശം (3) ലെ വ്യവസ്ഥകൾക്ക് വിധേയമായി സ്ഥലം വാങ്ങുന്നതിന് 6 ലക്ഷം രൂപ വീതം ആകെ 12,00,000/- (പന്ത്രണ്ട് ലക്ഷം രൂപ മാത്രം) രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(വീടുവെയ്ക്കുന്നതിനുള്ള 4 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ടെന്നു പരാമർശം (4) കത്ത് മുഖേന മഞ്ചേശ്വരം തഹസിൽദാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്)

2. വിതരണത്തിനാവശ്യമായി വരുന്ന **12,00,000/- (പന്ത്രണ്ട് ലക്ഷം രൂപ മാത്രം) രൂപ** 2075-00-800-40 contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് ,സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും കാസർഗോഡ് ജില്ലാ കളക്ടർക്ക് നൽകേണ്ടതും, ജില്ലാ കളക്ടർ തുക വിതരണം ചെയ്ത് വിവരം ഒരാഴ്ചയ്ക്കകം സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സന്തോഷ് കുമാർ.ടി.കെ**
**ജോയിന്റ് സെക്രട്ടറി**

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
ജില്ലാ കളക്ടർ, കാസർഗോഡ്
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ഒബ്സർവേറ്ററി ഹിൽസ് വികാസ് ഭവൻ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
ജില്ലാ ട്രഷറി ഓഫീസർ, കാസർഗോഡ് (ട്രഷറി ഡയറക്ടർ, തിരുവനന്തപുരം മുഖാന്തിരം)
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് /എ & ഇ ) കേരള തിരുവനന്തപുരം
റവന്യൂവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്
റവന്യൂ (ഡി ആർ എഫ് - എ, സി) വകുപ്പ്
ദുരന്ത നിവാരണ (എ, ബി ) വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ്/ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

T. [signature]

**സെക്ഷൻ ഓഫീസർ**